**QP CODE** **Enrollment Number: ………………………**

**H1140** **Name: ……………………………………**

**B.A/BBA/B.COM/B.C.A DEGREE EXAMINATIONS, MARCH 2026**
**Fourth Semester**
**B21ML02LC – മലയാള സാഹിത്യമാതൃകകൾ**
**ആത്മകഥ, ജീവചരിത്രം, യാത്രാവിവരണം, അനുഭവസാഹിത്യം**
**(2023 July & 2024 January admissions)**

**Time: 3 Hours** **Max Marks: 70**

**സെക്ഷൻ എ**

**ഏതെങ്കിലും പത്തു ചോദ്യത്തിന് ഒറ്റവാക്കിൽ ഉത്തരമെഴുതുക. ഓരോ മാർക്കു വീതം.**

1. ചെറുകാടിന്റെ ആത്മകഥക്ക് ലഭിച്ച രണ്ട്  സർക്കാർ പുരസ്കാരങ്ങളുടെ പേരെഴുതുക.
2. ചുള്ളിക്കാടിന്റെ ഒരു കവിതാ സമാഹാരത്തിന്റെ പേരെഴുതുക.
3. ജീവിതപ്പാതയിൽ  മടിശ്ശീലയെന്ന്  വിശേഷിപ്പിച്ചതാരെ?
4. കടുത്തുരുത്തിയെ പ്രസിദ്ധമാക്കിയ പ്രാചീനകൃതിയുടെ പേരെഴുതുക?
5. 'അധഃസ്ഥിത ജനത അതിജീവിക്കേണ്ട വെല്ലുവിളികൾ' എന്ന ലേഖനത്തിന് കെ.കെ കൊച്ചിന്റെ ജീവിതത്തിലുള്ള പ്രാധാന്യം എന്താണ്?
6. ഹെർബേറിയം ഏത് വിഭാഗത്തിൽപ്പെടുന്ന കൃതിയാണ്?
7. 'കലാസൃഷ്ടിയെന്ന നിലയിൽ തയ്യാറാക്കിയ ഒരു വ്യക്തിയുടെ സത്യസന്ധമായ ജീവിതരേഖ' എന്നു  ജീവചരിത്രത്തിന് നിർവചനം നൽകിയതാര്?
8. 'ഇവൻ എന്റെ പ്രിയ സി. ജെ.'- എന്ന് കൃതിയുടെ പേരിന് പ്രചോദനമായ പുസ്തകം ഏത് ?
9. 'ആ മനുഷ്യൻ നീ തന്നെ'- എന്ന നാടകം എഴുതിയതാര് ?
10. മയിലമ്മയുടെ സമരം ഏതുപേരിലാണ്  അറിയപ്പെടുന്നത് ?
11. 'വർത്തമാന പുസ്തകം'- എന്ന കൃതിയുടെ കർത്താവാര്?
12. 'പച്ചവിരൽ'-  എന്ന കൃതി എഴുതിയതാര്?
13. ഗൗരികുണ്ഡിന്  വിശ്വാസികളുടെ ഇടയിലുള്ള പ്രാധാന്യമെന്ത്?
14. സൈലന്റ്‌വാലി എന്ന പേരിന്റെ പിറവി ഏതെല്ലാം തരത്തിലാവാം എന്നാണ് ബീന കെ. എ. കരുതുന്നത് ?
15. റജീനയുടെ ആദ്യത്തെ പേര് എന്തായിരുന്നു?

**(1X10=10)**

## സെക്ഷൻ ബി

**ഏതെങ്കിലും അഞ്ചു ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരമെഴുതുക. രണ്ടു മാർക്കു വീതം.**

16. ജീവചരിത്രവും ആത്മകഥയും തമ്മിലുള്ള സാമ്യവ്യത്യാസങ്ങൾ എഴുതുക.
17. സർവാധികാരിയായ കാരണവർ തന്റെ കയ്യിലായി എന്ന തോന്നലിലേക്ക് ചെറുകാട് എത്തിച്ചേർന്ന സാഹചര്യം വിശദീകരിക്കുക.
18. രാധൻ വിപ്ലവപ്രവർത്തനത്തെക്കുറിച്ച് ചുള്ളിക്കാടിനെ ഉപദേശിച്ചത് എന്തായിരുന്നു?
19. കീഴാള ആത്മകഥകൾ ആത്മകഥാസാഹിത്യത്തിൽ ഉണ്ടാക്കിയ മാറ്റം വിവരിക്കുക.
20. ക്രിസ്തീയസഭയുടെ പ്രവർത്തനത്തെപ്പറ്റി ദയാബായിക്കുള്ള വിമർശനം എന്താണ് ?
21. അരുവിപ്പുറത്തെ ശിവപ്രതിഷ്ഠക്ക് കേരളചരിത്രത്തിലുള്ള സ്ഥാനം വിശദമാക്കുക.
22. 'എന്റെ പുന്നാര ഭർത്താവേ, നിങ്ങൾ ഒരു ആടാണ്. ' എന്ന് റോസി തോമസ് പറയാൻ കാരണമെന്ത്?
23. 'ഒരു മലയാളി ഹിജഡയുടെ ആത്മകഥ'- എന്ന രചനയുടെ സവിശേഷതകൾ വിവരിക്കുക.
24. 'നിലാവ് കുടിച്ച കള്ളിമുൾച്ചെടികൾ'- എന്ന ശീർഷകത്തിന്റെ സൗന്ദര്യം പരിശോധിക്കുക.
25. എസ് കെ. പൊറ്റെക്കാടിനെ പരിചയപ്പെടുത്തുന്ന ലഘുക്കുറിപ്പ് തയ്യാറാക്കുക.

**(2X5=10)**

## സെക്ഷൻ സി

**ഏതെങ്കിലും ആറ് ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക. അഞ്ചു മാർക്കു വീതം.**

26. 'ജീവിതപ്പാത'യിലെ രാമൻനായരുടെ തൂലികാ ചിത്രം തയ്യാറാക്കുക. എഴുത്തുകാരനെ രാമൻനായർ എങ്ങനെയാണ് കബളിപ്പിച്ചത് ?
27. സഞ്ചാരസാഹിത്യമെന്ന സാഹിത്യപ്രസ്ഥാനത്തെ സാമാന്യമായി പരിചയപ്പെടുത്തുക.
28. 'ഇങ്ങനെയും ഒരാൾക്ക് തുറന്നെഴുതാൻ കഴിയുമോയെന്ന് അത്ഭുതപ്പെടുത്തുന്നതാണ് ചുള്ളിക്കാടിന്റെ ചിദംബരസ്മരണകൾ'- പാഠഭാഗം മുൻനിർത്തി വിലയിരുത്തുക.
29. രാജൻ കാക്കനാടന്റെ ഹിമാലയയാത്രയുടെ പ്രത്യേകതകൾ ക്രോഡീകരിക്കുക.
30. ട്രാൻസ്ജെൻഡർ വ്യക്തികളോടുള്ള മലയാളിയുടെ സമീപനം നീതിപൂർവകമാണോയെന്ന് വിലയിരുത്തുക.
31. ദയാബായി ആദിവാസികൾക്കിടയിൽ നടത്തിയ പ്രവർത്തനങ്ങൾ വിശദീകരിക്കുക.
32. 'ആത്മകഥയും യാത്രാവിവരണവും അതിരുകൾ കയറിയും ഇറങ്ങിയും നിൽക്കുന്ന രണ്ട് സാഹിത്യരൂപങ്ങളാണ്" - ഈ നിരീക്ഷണത്തെ സയുക്തികം വിലയിരുത്തുക.

# QP CODE
# H1140

33. "റോസിയും സി. ജെ. തോമസും തമ്മിലുള്ള ഹൃദയബന്ധത്തിന്റെ അടയാളപ്പെടുത്തൽ ഇവൻ എന്റെ പ്രിയ സി. ജെ. എന്ന കൃതിയിലുടനീളം കാണാം"- പാഠഭാഗത്തെ മുൻനിർത്തി പരിശോധിക്കുക.
34. 'എന്നെ പാണൻ എന്ന് വിളിക്കരുത് 'എന്ന് എം കുഞ്ഞാമൻ പറയാനിടയാക്കിയ സാഹചര്യം എന്തായിരുന്നു? ഈ സംഭവം കുഞ്ഞാമന്റെ പില്ക്കാല ജീവിതത്തിൽ എന്തുമാറ്റമാണ് ഉണ്ടാക്കിയത്?
35. ശ്രീ നാരായണഗുരു മുന്നോട്ട് വെച്ച പ്രധാന ആശയങ്ങൾ ഗുരുവചനങ്ങളുടെ അടിസ്ഥാനത്തിൽ വിവരിക്കുക.
36. മധുരവേലിയിലെ ഭൂവുടമസ്ഥത നെയ്തശ്ശേരി മനയ്ക്ക് ലഭിച്ചതെങ്ങനെ?
37. മയിലമ്മയുടെ നേതൃത്വത്തിൽ കുടിവെള്ളത്തിനായി കൊക്കകോള കമ്പനിക്കെതിരെ നടത്തിയ സമരത്തെക്കുറിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കുക.

**(5X6=30)**

**സെക്ഷൻ ഡി**

**ഏതെങ്കിലും രണ്ടു ചോദ്യത്തിന് രണ്ടു പുറത്തിൽ ഉത്തരമെഴുതുക. പത്തു മാർക്ക് വീതം.**

38. "സ്ത്രീകളുടെയും പുരുഷന്മാരുടെയും യാത്രാവിവരണങ്ങൾ അടിസ്ഥാനപരമായി-ത്തന്നെ രണ്ട് ജനുസ്സാണ്." രാജൻ കാക്കനാടൻ, കെ.എ.ബീന എന്നിവരുടെ യാത്രാവിവരണങ്ങൾ മുൻനിർത്തി വിലയിരുത്തുക.

39. ആത്മകഥ, സഞ്ചാരസാഹിത്യം, അനുഭവാഖ്യാനം എന്നിങ്ങനെ പല സ്വഭാവങ്ങളുള്ള സാഹിത്യരൂപമാണ് ജീവിതമെഴുത്ത്. ജീവിതമെഴുത്ത് എന്ന സാഹിത്യരൂപത്തെ വിശദമായി പരിചയപ്പെടുത്തുക.

40. സാമൂഹ്യപരിഷ്കർത്താവായ നാരായണഗുരുവിന്റെ ചിത്രം വായനക്കാരിൽ ആഴത്തിൽ പതിപ്പിക്കാൻ എം. കെ. സാനുവിന്റെ ആഖ്യാനത്തിന് കഴിഞ്ഞിട്ടുണ്ടോയെന്ന് പരിശോധിക്കുക. അതിന്റെ കാര്യകാരണങ്ങൾ അവതരിപ്പിക്കുക.

41. കെ.കെ.കൊച്ച്, കുഞ്ഞാമൻ എന്നിവരുടെ അനുഭവാഖ്യാനങ്ങൾ മുൻനിർത്തി അന്നത്തെ കേരളത്തിലെ ജാതിവ്യവസ്ഥയെക്കുറിച്ച് ഉപന്യസിക്കുക. ഇന്നത്തെ കേരളത്തിൽ ജാതിയുടെ സ്ഥാനം എന്താണെന്ന് പരിശോധിക്കുക.

**(10X2=20)**